ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഒമ്പതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ബ്രസീൽ വിദേശകാര്യ മന്ത്രിയും സഹാദ്ധ്യക്ഷന്മാരാകും.

   **External Affairs Minister S Jaishankar and Brazilian Foreign Minister Mauro Vieira will co-chair the 9th India-Brazil Joint Commission Meeting in New Delhi today.**

2. രാജ്യത്ത് മെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച ശുപാർശകൾ തയ്യാറാക്കാൻ സുപ്രീം കോടതി നിർദേശ പ്രകാരം രൂപീകരിച്ച കർമ്മ സേനയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.

   **The first meeting of the National Task Force formed by the Supreme Court to make recommendations for safety, security and working conditions of medical professionals is scheduled to be held in New Delhi today.**

3. ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട നാമനിർദേശ പത്രിക സമർപ്പണത്തിനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   **The nomination for the first phase of assembly elections in Jammu and Kashmir will end today.**

4. മലയാള സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക സംഘത്തിന്റെ ആദ്യയോഗം തിരുവനന്തപുരത്ത് ചേർന്നു.

The special investigation team to look into the probe in the malayalam film industry held their first meeting today.

5. പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം. പ്രതീക്ഷയോടെ ഇന്ത്യൻ താരങ്ങൾ.

Paris Paralympics to kick start tomorrow

$$$$$$$$$$$$$$$$$$$$$$$$$$

**PM- US PRESIDENT**

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രൈൻ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ഇരുനേതാക്കളും ചർച്ച നടത്തി. ജനാധിപത്യം, നിയമവാഴ്ച, ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധം എന്നിവയുടെ പൊതുവായ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഇന്ത്യ-യുഎസ് തന്ത്രപ്രധാന പങ്കാളിത്തത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഉഭയകക്ഷി ബന്ധങ്ങളിലെ ഗണ്യമായ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. ക്വാഡ് ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര വേദികളിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രതിബദ്ധതയും ആവർത്തിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-1

**INDIA - BRAZIL S JAISANKAR**

ന്യൂഡൽഹിയിൽ ആരംഭിക്കുന്ന ഒമ്പതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേരയും സഹാദ്ധ്യക്ഷന്മാരാകും . 4 ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ബ്രസീൽ വിദേശകാര്യ മന്ത്രി ശനിയാഴ്ച രാജ്യതലസ്ഥാനത്തെത്തി. ഇന്ത്യയും ബ്രസീലും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിന് വിയേരയുടെ സന്ദർശനം കൂടുതൽ ഊർജം പകരുമെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു. ജൂലൈയിൽ റിയോ ഡി ജനീറോയിൽ നടന്ന ജി20 വികസന മന്ത്രിമാരുടെ യോഗത്തിൽ വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ദമ്മു രവി ഇന്ത്യയുടെ പ്രതിനിധി സംഘത്തെ നയിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-2

**TASK FORCE – MEETING**

രാജ്യത്ത് മെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച ശുപാർശകൾ തയ്യാറാക്കാൻ സുപ്രീം കോടതി നിർദേശ പ്രകാരം രൂപീകരിച്ച കർമ്മ സേനയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. ക്യാമ്പിനെറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിലാണ് യോഗം ചേരുന്നത്. കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളെജിലെ യുവ വനിതാ ഡോക്ടർ ബലാൽസംഗത്തിന് ഇരയായി കൊല്ലപ്പെട്ട സംഭവത്തിൽ സ്വമേധായ എടുത്ത കേസ് പരിഗണിക്കവെയാണ്, പരമോന്നത കോടതി കർമ്മ സേന രൂപീകരിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$

**WAYANAD KERALA CM– PM**

വയനാട് ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈയുടെ പുനരുജ്ജീവനത്തിന് കേന്ദ്രസഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. മൂന്നാം നരേന്ദ്രമോദി സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി ആദ്യമായി നടത്തുന്ന ഔദ്യോഗിക സന്ദർശനമാണിത്. വയനാട് ദുരിതാശ്വാസം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിശദമായ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദുരന്ത മേഖലകളിൽ പ്രധാനമന്ത്രി സന്ദർശനം നടത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$$$

## WAYANAD ALL PARTY MEETING

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു. മറ്റന്നാൾ വൈകിട്ട് ഓൺലൈനായാണ് യോഗം. ഉരുൾപൊട്ടലിൽ ഇനി 159 പേരെയാണ് കണ്ടെത്താനുള്ളത്.

$$$$$$$$$$$$$$$$$$$$$$$$

## WAYANAD SCHOOL OPEN

ചൂരൽമല, മുണ്ടക്കൈ ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി ഹയർ സെക്കൻഡറി സ്കൂളിൽ ഇന്നു മുതൽ അധ്യയനം ആരംഭിച്ചു. ജി.എൽ.പി.എസ് മേപ്പാടി, ജി.എച്ച്.എസ്.എസ് മേപ്പാടി എന്നിവയാണ് ഇന്ന് പ്രവർത്തനമാരംഭിച്ചത്.

$$$$$$$$$$$$$$$$$$$$$$$$

# HEADLINE-3

## JK Nomination

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട നാമനിർദേശ പത്രിക സമർപ്പണത്തിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ആറ് ജില്ലകളിലായി 24 സീറ്റുകളിലേക്ക് സെപ്റ്റംബർ 18 നാണ് ആദ്യഘട്ട വോട്ടെടുപ്പ്. പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ നടക്കും. ഓഗസ്റ്റ് 30 ആണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി. രണ്ട്, മൂന്ന് ഘട്ടങ്ങളിലേക്കുള്ള വോട്ടെടുപ്പ് യഥാക്രമം സെപ്റ്റംബർ 25, ഒക്ടോബർ 1 തീയതികളിലാണ്. ഒക്ടോബർ 4 നാണ് വോട്ടെണ്ണൽ.

$$$$$$$$$$$$$$$$$$$$$$$$

## CENTRE – PUBLIC GRIEVANCE SYSTEM

പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാനായി കേന്ദ്രസർക്കാർ സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. www.pgportal.gov എന്ന ഏകജാലക സംവിധാനം വഴി പരാതികൾ രജിസ്റ്റർ ചെയ്യാം. ഇവ കാര്യക്ഷമമായി പരിഹരിക്കുന്നതിന് മന്ത്രാലയങ്ങൾ നോഡൽ ഓഫീസർമാരെ നിയമിക്കണമെന്നും പേഴ്സണൽ, പബ്ലിക്

ഗ്രീവൻസ് ആൻഡ് പെൻഷൻ മന്ത്രാലയം അറിയിച്ചു. തീർപ്പാക്കിയ പരാതികളെക്കുറിച്ച് എസ്.എം.എസ് അല്ലെങ്കിൽ ഇമെയിൽ മുഖേന പരാതിക്കാരനെ അറിയിക്കും.

$$$$$$$$$$$$$$$$$$$$$$$$$$

## Fishermen- Sri Lankan Navy

അന്താരാഷ്ട്ര സമുദ്രാതിർത്തി ലംഘിച്ചെന്ന് ആരോപിച്ച് തമിഴ്നാട്ടിൽ നിന്നുള്ള എട്ട് മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന അറസ്റ്റ് ചെയ്തു. ഇവരെ ശ്രീലങ്കയിലെ മാന്നാർ നാവികസേനാ ക്യാമ്പിലേക്ക് കൊണ്ടുപോയി. അറസ്റ്റിലായ മുഴുവൻപേരും രാമേശ്വരം സ്വദേശികളാണ്. അറസ്റ്റിലായവരെ മോചിപ്പിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര ഇടപെടൽ നടത്തണമെന്ന് മത്സ്യത്തൊഴിലാളികളുടെ സംഘടന ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-4

## CINEMA ENQUIRY

സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക സംഘത്തിന്റെ ആദ്യയോഗം തിരുവനന്തപുരത്ത് ചേർന്നു. ഡിജിപി ഷേഖ് ദർവേഷ് സാഹേബിൻറെ സാന്നിധ്യത്തിലാണ് യോഗം ചേർന്നത്. ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ രഞ്ജിത്തിനെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കൊച്ചി സിറ്റി പോലീസ് കേസെടുത്തു. ബംഗാളി നടി ശ്രീലേഖ മിത്രയുടെ പരാതിയിലാണ് നടപടി.

$$$$$$$$$$$$$$$$$$$$$$$$$$

## SURESH GOPI

മലയാള ചലച്ചിത്രമേഖലയെന്ന വലിയ സംവിധാനത്തെ തകിടം മറിക്കാനുള്ള ശ്രമമാണ് ഇപ്പോൾ മാധ്യമങ്ങൾ ചെയ്യുന്നതെന്ന് കേന്ദ്രമന്ത്രി സുരേഷ്ഗോപി. ചലച്ചിത്രതാരവും എംഎൽഎയുമായ മുകേഷിനെതിരെ ഉയർന്നആരോപണങ്ങളിൽ കോടതി തീർപ്പുകൽപ്പിക്കട്ടെയെന്നും അദ്ദേഹം തൃശൂരിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$

**K.N.BALAGOPAL**

ഹേമകമ്മിറ്റി റിപ്പോർട്ടിന്മേൽ നിയമപരമായ നടപടികൾ നടക്കുകയാണെന്നും ഇതിൽ വ്യക്തിപരമായി അഭിപ്രായപ്രകടനങ്ങൾ നടത്തുന്നില്ലെന്നും മന്ത്രികെ.എൻ ബാലഗോപാൽ പറഞ്ഞു. പാർട്ടിയും സർക്കാരും ഇക്കാര്യത്തിൽ പ്രതിരോധത്തിലാകില്ലെന്നും കൃത്യമായ നിലപാടുണ്ടെന്നും, അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. എം. മുകേഷ് എം.എൽ.എ യുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$$$$$$$$$

**MOHAN - DEAD**

മലയാള ചലച്ചിത്ര സംവിധായകൻ മോഹൻ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. 1978 -ൽ പുറത്തിറങ്ങിയ വാടകവീടാണ് ആദ്യ സിനിമ. ശാലിനി എൻറെ കൂട്ടുകാരി, വിടപറയും മുമ്പേ, ഇളക്കങ്ങൾ, ഇടവേള, ആലോലം, രച ന, മംഗളം നേരുന്നു, പക്ഷേ, സാക്ഷ്യം, അങ്ങനെ ഒരു അവധിക്കാലത്ത് തുടങ്ങി 23 ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE-5

**PARIS PARALYMPICS**

പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം. 84 അത് ലറ്റുകളാണ് ഇന്ത്യൻ സംഘത്തിലുള്ളത്. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി ഇറങ്ങും.

$$$$$$$$$$$$$$$$$$$$$$$$$$

**US OPEN NAGAL**

യുഎസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം സുമിത് നാഗൽ ആദ്യ റൗണ്ടിൽ തന്നെ പുറത്ത്. നെതർലൻഡ്സിന്റെ ടാലൻ ഗ്രിക്സ്പൂരിനോട് നേരിട്ടുള്ള സെറ്റുകൾക്കാണ് സുമിത് തോൽവി വഴങ്ങിയത്. സ്കോർ - 1-6, 3-6, 6-7 സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ഏകതാരമാണ് നാഗൽ. അതേസമയം ഡബിൾസ്

വിഭാഗത്തിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ, യുകി ഭാംബ്രി, എൻ ശ്രീറാം ബാലാജി എന്നിവരും ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$

**DELHI - NURSE DEATH**

ഡൽഹിയിൽ ഭക്ഷ്യ വിഷബാധയെ തുടർന്ന് രണ്ടരമാസമായി ചികിത്സയിലിരുന്ന മലയാളി നഴ്സിങ് വിദ്യാർഥിനി മരിച്ചു. ആലപ്പുഴ ചേപ്പാട് കുന്നേൽ പ്രദീപിന്റെ ഏക മകൾ പ്രവീണ ആണ് മരിച്ചത്. ഡൽഹിയിലെ V.M.C.C. നഴ്സിങ് കോളേജിലെ രണ്ടാം വർഷ വിദ്യാർഥിയാണ്. ജൂൺ ആദ്യം ഹോസ്റ്റലിൽ നിന്നാണ് ഭക്ഷ്യവിഷബാധയേറ്റത്.

$$$$$$$$$$$$$$$$$$$$$$$$$

**NAVY-SHIVAJI STATUE**

മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിലെ മാൾവാനിൽ ഛത്രപതി ശിവജി മഹാരാജിന്റെ പ്രതിമ തകർന്ന സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് ഇന്ത്യൻ നാവികസേന. ഇതിനായി പ്രത്യേക സംഘത്തെ നിയോഗിച്ചതായി നാവികസേന അറിയിച്ചു. സംഭവത്തിൽ സംസ്ഥാന സർക്കാരുമായും വിദഗ്ദ്ധരുമായും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും പ്രതിമ എത്രയും വേഗം പുനഃസ്ഥാപിക്കാനുള്ള നടപടികൾ ഉടൻ ആരംഭിക്കുമെന്നും സേന പ്രസ്താവനയിൽ പറഞ്ഞു. ഇന്നലെ ഉച്ചയോടെയാണ് 35 അടി ഉയരമുള്ള ശിവജി പ്രതിമ തകർന്നുവീണത്.

$$$$$$$$$$$$$$$$$$$$$$$$$

**DUBAI-MOTHER TERESA AWARDS**

ലോകത്തെ തന്നെ ഏറ്റവും വലിയ മനുഷ്യ സ്നേഹികളിലൊരാളായ മദർ തെരേസയുടെ 114-ാം ജന്മവാർഷികത്തിന്റെ സ്മരണയ്ക്കായി ദുബായ് മില്ലേനിയം പ്ലാസയിൽ 24-ാമത് അന്താരാഷ്ട്ര മദർ തെരേസ അവാർഡ് ദാന ചടങ്ങ് നടന്നു. ഇന്ത്യയൊട്ടാകെയുള്ള ന്യുന പക്ഷ ദുർബല വിഭാഗങ്ങളുടെ സമിതി സംഘടിപ്പിച്ച പരിപാടി രണ്ടാം തവണയാണ് ഇന്ത്യക്ക് പുറത്ത് നടക്കുന്നത്. ഇന്ത്യയിലെ വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം, കായികം, സാമൂഹിക പ്രവർത്തനം തുടങ്ങി വിവിധ

മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ അസാധാരണ വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്.

$$$$$$$$$$$$$$$$$$$$$$$$$

**FACT CHECK**

കേന്ദ്ര ധനമന്ത്രാലയത്തിൽ നിന്ന് 46,000 ത്തിലധികം രൂപയുടെ ധനസഹായം ലഭിക്കുമെന്ന തരത്തിൽ സാമൂഹിക മാധ്യമങ്ങളിൽ വ്യാജ ലിങ്ക് പ്രചരിക്കുന്നതായി കേന്ദ്ര സർക്കാർ. മെസേജിങ് ആപ്പിലൂടെ പാവപ്പെട്ടവർക്ക് സഹായധനം നൽകുന്നു എന്ന് പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ഫാക്ട് ചെക്ക് യൂണിറ്റ് അറിയിച്ചു. സന്ദേശമായി അയയ്ക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ അപേക്ഷകന്റെ വിവരങ്ങൾ കൈമാറാൻ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ ക്ലെയിമുകൾ വ്യാജമാണെന്ന് ധനമന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

**KERALA RAIN**

കേരളത്തിൽ വ്യാപക മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടെ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. ഇന്നും നാളെയും കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസ്സമില്ല.

$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$